STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.474/PR/SPMC/PHQ/2026 Date:08.10.2026

## പത്രക്കുറിപ്പ്

## മനുഷ്യരെ പോലെ എ.ഐ ചിന്തിക്കുന്നു-അതിനാൽ കരുതലിനും, സുരക്ഷയ്ക്കും മുൻഗണന നൽകണം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല

കുട്ടികളുടെ സൈബർ സുരക്ഷയ്ക്കായി കേരള പോലീസിന്റെ 'കിഡ് ഗ്ലൗവ്' കൂടുതൽ ഊർജ്ജിതമാക്കും.

മനുഷ്യരാശിയിലെ ഏറ്റവും വലിയ പരിണാമകാലത്തിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. മനുഷ്യരെ പോലെ എ.ഐ ചിന്തിക്കുന്ന കാലഘട്ടത്തിൽ കരുതലിനും, സുരക്ഷയ്ക്കും കൂടുതൽ പ്രധാന്യം നൽകേണ്ട സമയമാണെന്നും, അതാണ് കേരള പോലീസ് കിഡ് ഗ്ലൗവ് പോലെയുള്ള നൂതന സൈബർ സുരക്ഷ പദ്ധതികൾ നടപ്പാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ കേരള പോലീസ് നടത്തുന്ന രാജ്യത്തെ തന്നെ ഏറ്റവും വലിയ സൈബർ സുരക്ഷ കോൺഫറൻസായ കൊക്കൂൺ 2026 ന്റെ

മുന്നോടിയായുള്ള കിഡ് ഗ്ലൗവ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിലെന്നപോലെ സൈബർ ലോകത്തുമുള്ള മോശം പ്രവണതകൾ തിരിച്ചറിയാനും നേരിടാനും കുട്ടികൾ പ്രാപ്തരാകണം. പോലീസിന്റെ മാത്രം പ്രവർത്തനത്തിലൂടെ കുട്ടികളുടെ സൈബർ സുരക്ഷ ഉറപ്പാക്കാനാകില്ലെന്നും രക്ഷിതാക്കൾ, അധ്യാപകർ, സമൂഹം എന്നിവരുടെ കൂട്ടായ പിന്തുണ ഇതിന് ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഇതിനായി കേരള പോലീസ് ആവിഷ്കരിച്ച സൈബർ സേഫ് കേരളം 2026 എന്ന പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത നടൻ ആസിഫ് അലിയെ മന്ത്രി ചടങ്ങിൽ പ്രഖ്യാപിച്ചു.

ചടങ്ങിൽ തൃപ്പൂണിത്തുറ എം.എൽ.എ ദീപക് ജോയ് അധ്യക്ഷത വഹിച്ചു. ഇന്റർനെറ്റ് ലോകത്തെ ഇരുണ്ട മേഖലകളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും, സോഷ്യൽ മീഡിയയിൽ അപരിചിതരുമായി സൗഹൃദം സ്ഥാപിക്കുന്നതടക്കമുള്ള സാഹചര്യങ്ങളിൽ കുട്ടികൾക്ക് കൃത്യമായ അവബോധം നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സൈബർ ലോകത്ത് കുട്ടികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ട കാലഘട്ടമാണ് ഇതെന്നും, സൈബർ ചതിക്കുഴികളിൽപെട്ടന്ന് മനസിലായാൽ ഉടൻ തന്നെ ഏറ്റവും വേണ്ടപ്പെട്ടവരിൽ നിന്നുള്ള സഹായം തേടാൻ മടികാണിക്കരുതെന്നും സൈബർ സേഫ് കേരളം 2026

എന്ന പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി ചടങ്ങിൽ ചുമതലയേറ്റു കൊണ്ട് നടൻ  ആസിഫ് അലി പറഞ്ഞു.

സംസ്ഥാന പോലീസ് മേധാവിയും, കൊക്കൂൺ 2026 ചെയർമാനുമായ റവാഡ ആസാദ് ചന്ദ്ര ശേഖർ, വിജിലൻസ് ഡയറക്ടറും, കൊക്കൂൺ 2026 കോ ചെയർമാനുമായ മനോജ് എബ്രഹാം, എ.ഡി.ജി.പി പി വിജയൻ ,  മരട് നഗരസഭ കൗൺസിലർ  സുനീല സുബി, സൈബർ ഓപ്പറേഷൻ എസ്.പി അങ്കിത്ത് അശോകൻ, തുടങ്ങിയവർ സംസാരിച്ചു.

**<u>കൊക്കൂൺ 2026 ന് വെള്ളിയാഴ്ച തിരി തെളിയും</u>**

സൈബർ സുരക്ഷാ രംഗത്തെ രാജ്യത്തെ തന്നെ ഏറ്റവും വലിയ കോൺഫറൻസായ കൊക്കൂൺ 2026ന് വെള്ളിയാഴ്ച തുടക്കമാകും, ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ രാവിലെ 9.30  മണിക്ക് നടക്കുന്ന ചടങ്ങിൽ വെച്ച് സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം നിർവ്വഹിക്കും.

ഹൈബി ഈഡൻ എംപി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേന്ദ്ര സർക്കാരിന്റെ ഡെപ്യൂട്ടി സെക്യൂരിറ്റി അഡൈ്വസർ ടി വി രവി ചന്ദ്രൻ, എസ്.ബി.ഐ ചെയർമാൻ ചെല്ല ശ്രീനിവാസുലു ഷെട്ടി, ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസൺ , സംസ്ഥാന പോലീസ് മേധാവിയും, കൊക്കൂൺ 2026 ചെയർമാനുമായ റവാഡ ആസാദ് ചന്ദ്ര ശേഖർ,

വിജിലൻസ് ഡയറക്ടറും, കൊക്കൂൺ 2026 കോ ചെയർമാനുമായ മനോജ് എബ്രഹാം  തുടങ്ങിയവർ പങ്കെടുക്കും.

10 ന് വൈകുന്നേരം 4.30 മണിക്ക് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി വി. ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ടോണി ചമ്മിണി എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മേയർ മിനിമോൾ വി.കെ, സിനിമാ താരം ദുൽഖർ സൽമാൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എംഎ യൂസഫലി, വിജിലൻസ് ഡയറക്ടറും, കൊക്കൂൺ 2026 കോ ചെയർമാനുമായ മനോജ് എബ്രഹാം , ഇസ്ട്ര പ്രസിഡന്റ് മനു സഖറിയ തുടങ്ങിയവർ പങ്കെടുക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*******************************************